LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി കോർട്ട് കോംപ്ലക്സ്

34(38) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി അനുമതി നല്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ചാലക്കുടിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ഹൈക്കോടതി രജിസ്ട്രാർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

ക്രിമിനൽ കേസുകളിലെ ശിക്ഷകളിൽ ഇളവ്

35(39) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. സാജു പോൾ :

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രിമിനൽ കേസുകളിൽ കോടതി നൽകുന്ന ശിക്ഷകൾ സർക്കാർ റദ്ദാക്കുകയോ ലഘൂകരിക്കുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധമായ നിയമ വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) സുപ്രീം കോടതി ശരിവച്ച തടവുശിക്ഷയ്ക്ക് സർക്കാർ ഇളവ് നല്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നെയ്യാറ്റിൻകര മജിസ്ട്രേറ്റ് കോടതി രണ്ടു വർഷം കഠിന തടവിനു ശിക്ഷിച്ച ശ്രീ. ഡേവിഡ് ലാലിയെ ഒരു ലക്ഷം രൂപ പിഴ ഈടാക്കി സർക്കാർ ശിക്ഷയിൽ ഇളവ് നൽകിയോ; എങ്കിൽ ഇതിനു ശിപാർശ ചെയ്തത് ആരാണ് ;

(ഡി) ഏതെല്ലാം നിലയിലുള്ള കേസുകളിലാണ് ശിക്ഷകളിൽ ഇളവ് നൽകാനുള്ള അധികാരം സർക്കാർ വിനിയോഗിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഇ) കോടതിവിധി പ്രകാരമുള്ള ശിക്ഷ ഇളവ് ചെയ്യുകിട്ടുന്നതിനോ, റദ്ദു ചെയ്യുകിട്ടുന്നതിനോ ഈ സർക്കാരിന് ലഭിച്ച ഹർജികൾ എത്ര; എത്രയെണ്ണത്തിൽ തീരുമാനമെടുത്തു?

ഉത്തരം

(എ) ഉണ്ട്. 1973-ലെ ക്രിമിനൽ നടപടിചട്ടം 432, 433-ലെ വ്യവസ്ഥകൾ പ്രകാരം ശിക്ഷ റദ്ദാക്കുന്നതിനോ ലഘൂകരിക്കുന്നതിനോ സർക്കാരിന് അധികാരമുണ്ട്.

(ബി) ഉണ്ട്.

(സി) നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് വാങ്ങിയിരുന്നു. തടവ് ശിക്ഷ കമ്മ്യൂട്ട് ചെയ്ത് പിഴ ശിക്ഷയാക്കുന്നതിന് നിയമതടസ്സങ്ങൾ ഇല്ല എന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു.

(ഡി) സംസ്ഥാന സർക്കാരിന് നിയമപ്രകാരം അനുവദിക്കാവുന്ന കേസുകളിൽ അർഹത പരിഗണിച്ച് ശിക്ഷ ലഘൂകരിച്ച് നല്കാറുണ്ട്.

(ഇ) 421 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ - ജീവപര്യന്തം തടവുകാരൊഴികെയുള്ളവരുടെ അപേക്ഷകളിൽ മിക്കവയിലും അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

കോടതികളുടെ പ്രവർത്തനം

36(40) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കോടതികൾ ഉൾപ്പെടെ കോടതികളിൽ എത്ര കേസുകൾ തീർപ്പാകാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) കോടതികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-12-2014-ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ വിവിധ കോടതികളിലായി സിവിൽ വിഭാഗത്തിൽ 421261 ഉം ക്രിമിനൽ വിഭാഗത്തിൽ 910297 കേസ്സുകളും തീർപ്പാക്കാതെ കെട്ടിക്കിടപ്പുണ്ട്.

(ബി) കീഴ് കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിക്കുകയും കെട്ടിക്കിടക്കുന്ന കേസ്സുകൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടി കൈക്കൊള്ളാറുമുണ്ട്. കേസുകൾ തീർപ്പാക്കുന്നതിനായി Special list system, unit system, target

LIBRARY ARCHIVES Kerala Legislative Assembly